# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2433** — 19.03.2015-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗങ്ങൾ നിയന്ത്രണ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രമേഹം, രക്താദി സമ്മർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം, ക്യാൻസറുകൾ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി കണ്ടുവരുന്നു. |
| (ബി) ജീവിത ശൈലീരോഗങ്ങൾ നിയന്ത്രിയ്ക്കു ന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം ; | (ബി) ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെ ടുത്ത് ഇത് നിയന്ത്രിക്കുവാൻ 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി ആരോഗ്യവകുപ്പ് നടപ്പി ലാക്കി വരുന്നു.<br>മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീരോഗ ങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുന്നതിനും, മരുന്ന് സൗജന്യമായി വിതരണം ചെയ്യുന്നതിനും ബോധവൽ ക്കരണം നടത്തുന്നതിനും സംസ്ഥാനത്ത് എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു.<br>ഇതിനോടൊപ്പം തന്നെ ക്യാൻസർ കെയർ പദ്ധതി, സ്ട്രോക്ക് മാനേജ്മെന്റ് യൂണിറ്റ്, വിദ്യാലയ ജീവിത ശൈലിരോഗ വിദ്യാഭ്യാസ പരിപാടി (എൽ.ഇ.എ.പി), യോഗ പരിശീലനം, സ്കൂളുകളിലും തൊഴിൽ മേഖലയിലും തൊഴിൽമേഖലയിലെ ജീവിത ശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ, മദ്യം, പുകയില ഉപയോഗത്തിനെതിരെ യുള്ള കർമ്മ പദ്ധതികൾ എന്നിവ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. |

(.....2)

| | | | |
|---|---|---|---|
| (സി) | ജീവിതശൈലീ രോഗ ബോധവത്കരണ പരിപാടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്നതിന് സർക്കാർ മുൻകൈയെടുത്തിട്ടുണ്ടോ : | (സി) | വിദ്യാലയങ്ങളിൽ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷണ രീതിയിൽ ആരോഗ്യപരമായ മാറ്റം വരുത്തുന്നതിനും വ്യായാമം, യോഗ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, മദ്യം, പുകയില എന്നീ ദുഃശീലങ്ങൾ ഒഴിവാക്കുന്നതിനും, സംസ്ഥാന ആരോഗ്യ വകുപ്പ് L.E.A.P (Life Style Education and Awareness) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) | ജീവിതശൈലീ രോഗ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ? | (ഡി) | ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' ക്ലിനിക്കുകൾ ഉള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ആഴ്ചയിൽ ഒരു ദിവസം എന്ന കണക്കിൽ പരിശോധനാ ക്യാമ്പുകൾ നടത്തി വരുന്നു. ഇതിനുപുറമേ വിദൂരപ്രദേശങ്ങളിൽ എൻ.സി.ഡി. ക്യാമ്പുകൾ, കാലക്രമമായി നടത്തിവരുന്നു. ഇതിനു പുറമേ തൊഴിൽ ശാലകൾ, ഓഫീസുകൾ, വാണിജ്യ സ്ഥാപനങ്ങൾ, മേളകൾ, ഹെൽത്ത് എക്സിബിഷനുകൾ, ദേശീയാരോഗ്യ ദിനങ്ങൾ എന്നി സന്ദർഭങ്ങളിൽ ജീവിതശൈലിരോഗ പരിശോധനാ ക്യാമ്പുകൾ സംസ്ഥാനത്തുടനീളം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ